(ഡി) ഈ ആശുപത്രികളിൽ എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ ലഭ്യമാണോ;

(ഇ) പ്രസ്തുത ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് പ്രതിവർഷം എന്ത് ചെലവുവരും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 75000-നും ഒരു ലക്ഷത്തിനുമിടയിൽ കാൻസർ രോഗികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) വർഷംതോറും ഏകദേശം 30,000 പേർക്ക് പുതുതായി കാൻസർ ബാധ ഉണ്ടാകുന്നതായാണ് കണക്കാക്കപ്പെടുന്നത്.

(സി) കാൻസർ രോഗ ചികിത്സക്കായുള്ള ആധുനിക ഉപകരണ സൗകര്യങ്ങളോടുകൂടി 6 ഗവൺമെന്റ് ആശുപത്രികളും ഒരു സ്വയംഭരണ സ്ഥാപനമായ റീജിയണൽ കാൻസർ സെന്ററും സംസ്ഥാനത്ത് നിലവിൽ ഉണ്ട്. തിരുവനന്തപുരം കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലുമുള്ള മെഡിക്കൽ കോളേജ് ആശുപത്രികളും, എറണാകുളം ജനറൽ ആശുപത്രിയും കാൻസർ രോഗ ചികിത്സക്കായുള്ള ആധുനികോപകരണ സൗകര്യങ്ങളോടുകൂടിയ ഗവൺമെന്റ് ആശുപത്രികൾ ആണ്.

(ഡി) മേൽപ്പറഞ്ഞ എല്ലാ ഗവ. ആശുപത്രികളിലും രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. കൂടാതെ ആർ.സി.സി.-യിൽ ചികിത്സക്കായി എത്തുന്ന ഏകദേശം 50 ശതമാനത്തോളം പേർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്.

(ഇ) ആർ.സി.സി.-യിൽ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന സൗജന്യ ചികിത്സക്ക് 10 കോടി രൂപ ചെലവുവരും. ആർ.സി.സി.-യിൽ ഇപ്പോൾ സൗജന്യ ചികിത്സ ലഭ്യമല്ലാത്ത രോഗികൾക്കുകൂടി സൗജന്യം ലഭ്യമാക്കുന്നതിന് 15 കോടി രൂപ കൂടി അധികം വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്. മറ്റു ആശുപത്രികളിൽ നിന്ന് വിവരം ശേഖരിച്ചതിനുശേഷം മാത്രമേ ഇതിലേക്ക് വരുന്ന ചെലവ് കണക്കാക്കുവാൻ കഴിയുകയുള്ളു.

ആശുപത്രികളിലെത്തിയ രോഗികളുടെ എണ്ണം

172 [1648] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സർക്കാർ മേഖലയിൽ ഓരോ ക്ളിനിക്കൽ വിഭാഗത്തിലും എത്തിയ രോഗികളുടെ എണ്ണം രോഗത്തിന്റെ പേര് എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അലോപ്പതി/ഹോമിയോ/ആയുർവേദം എന്നിവ പ്രത്യേകം പ്രത്യേകമായി പരിഗണിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതി, ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ രോഗത്തിന്റെ പേരു തിരിച്ചുള്ള വിവരം ലഭ്യമല്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവരം ശേഖരിച്ചു നല്കുന്നതാണ്.

പി.എച്ച്.സി.-കളിൽ രോഗികൾക്ക് കിടത്തി ചികിത്സ അനുവദിക്കുന്നതിന്റെ മാനദണ്ഡം

173 [1649] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ അനുവദിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(സി) തിരുവമ്പാടി മണ്ഡലത്തിലെ നിലവിലുള്ള പി.എച്ച്.സി.-കളിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ കെട്ടിട സൗകര്യങ്ങളും മറ്റ് അത്യാവശ്യ സൗകര്യങ്ങളും നൽകി കിടത്തി ചികിത്സയ്ക്ക് അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. പി.എച്ച്.സി.-കളിൽ സർക്കാരിൽ നിന്നും അനുവദിക്കുന്ന കിടക്കകളുടെ എണ്ണം അനുസരിച്ച് ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഉണ്ടായിരിക്കണം. കിടത്തി ചികിത്സക്ക് സ്ഥാപനത്തിൽ ഏറ്റവും കുറഞ്ഞത് മൂന്ന് ഡോക്ടർമാരുടേയും നാല് സ്റ്റാഫ് നേഴ്സ്, മൂന്ന് നേഴ്സിംഗ് അസിസ്റ്റന്റുമാരുടേയും രണ്ട് ഗ്രേഡ് 2 അറ്റൻഡർമാരുടെയും സേവനം ലഭ്യമാക്കിയിരിക്കേണ്ടതുമാണ്.

(സി) പ്രസ്തുത പി.എച്ച്.സി.-കളിൽ കിടത്തി ചികിത്സിക്കുവാൻ ആവശ്യമായ കെട്ടിട സൗകര്യങ്ങളും ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും തസ്തികകൾ സൃഷ്ടിക്കുകയും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly